**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2803</u>** **<u>12-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>വനം-വന്യജീവി വകുപ്പ് മുഖേന ആവിഷ്കരിച്ച് നടത്തുന്ന പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പ് മുഖേന ആവിഷ്കരിച്ച് നടത്തുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>1. വനത്തിനു പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിത കേരളം പദ്ധതിയുടെ കീഴിൽ വൃക്ഷത്തൈകൾ ഉദ്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, ധർമ്മ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ മുഖാന്തിരം അവ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.<br><br>2. വഴിയരികിൽ തണൽ വിരിക്കുന്നതിനായി വഴിയോര തണൽ എന്ന പദ്ധതിയുടെ കീഴിൽ ഈ വർഷം വെളിയനാട്, പട്ടണക്കാട്, അമ്പലപ്പുഴ ബ്ലോക്കുകളിലെ വിവിധ സ്ഥലങ്ങളിൽ തൈകൾ നട്ടു പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>3. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗിന്റെ ഭാഗമായി 8 സ്കൂളുകളിൽ ഡിപ്പാർട്ട്മെന്റ് നേരിട്ട് ഈ വർഷം 35000 വലിയ കൂടതൈകൾ നട്ടുപരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>4. 13 സ്കൂളുകളിൽ ചെറുവനങ്ങളുടെ മാതൃകയിൽ വൃക്ഷം നടുന്നതിന്റെ ഭാഗമായി 5 സെന്റ് സ്ഥലത്ത് വീതം വിദ്യാവനം നട്ടുപരിപാലിച്ചു വരുന്നുണ്ട്.<br><br>5. വനേതര ഭൂമിയിൽ വനവത്ക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി വൃക്ഷസമൃദ്ധി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | 6. കടൽ തീരത്ത് ഹരിതകവചം തീർത്ത് കടലാക്രമണം തടയുന്നതിന്റെ ഭാഗമായി ചേർത്തല നിയോജകമണ്ഡലത്തിലെ അർത്തുങ്കൾ പ്രദേശത്ത് 70000 കാറ്റാടി തൈകൾ നട്ടു പരിപാലിച്ചു വരുന്നുണ്ട്. കൂടാതെ ആലപ്പുഴ നിയോജകമണ്ഡലത്തിൽപ്പെടുന്ന ചെത്തി മുതൽ മാരാരിക്കുളം വരെ 28000 തൈകളും നട്ടുപരിപാലിച്ചിട്ടുണ്ട്.<br><br>7. സ്വകാര്യ ഭൂമിയിൽ വൃക്ഷം വളർത്തുന്ന ഭൂവുടമകൾക്ക് പ്രോത്സാഹന ധനസഹായം നൽകൽ, കണ്ടൽ വളർത്തുന്ന വർക്ക് പ്രോത്സാഹന ധനസഹായം നൽകൽ എന്നിവ നടത്തി വരുന്നു.<br><br>8. കാവ് സംരക്ഷണത്തിന്റെ ഭാഗമായി തൊരഞ്ഞെടുക്കപ്പെടുന്ന 5 കാവ് ഉടമകൾക്ക് വർഷം തോറും ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നുണ്ട്.<br><br>9. ജൈവവൈവിധ്യ പരിപാലനത്തിൽ മാതൃക പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് എല്ലാ വർഷവും വനമിത്ര പുരസ്കാരം നൽകി വരുന്നുണ്ട്. |
| (ബി) | വന്യജീവികളുടെയും വിവിധ മത്സ്യ ഇനങ്ങളുടെയും ഉറവിട കേന്ദ്രമായ തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിന് ആലപ്പുഴ മണ്ഡലത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തണ്ണീർതടങ്ങൾ സംരക്ഷിക്കുന്നതിന് നിലവിൽ വനം വകുപ്പിൽ സാമൂഹ്യവനവത്ക്കരണ വിഭാഗം മുഖേന കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation and Management of Mangroves in Vembanad and Kannur regions", വേമ്പനാട്, കണ്ണൂർ റീജിയണുകളിൽ നടപ്പിലാക്കുന്നുണ്ട്. വേമ്പനാട് റീയിയണിൽ, ആലപ്പുഴ ജില്ലയിൽ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ അധികാര പരിധിയിലുള്ള കണ്ടൽക്കാട്ടുകൾ ആണ് പ്രസ്തുത പദ്ധതി പ്രകാരം സംരക്ഷിക്കപ്പെടുന്നത്. കൂടാതെ കണ്ടൽ / അനുബന്ധ തൈകൾ ഉദ്പാദിപ്പിച്ച് വിതരണം ചെയ്യുകയും ഗാർഹികാവശ്യങ്ങൾക്കും മറ്റ് വികസന പ്രവർത്തനങ്ങൾക്കും അവ നശിപ്പിക്കപ്പെടാതിരിക്കുവാൻ വേണ്ടി ബോധവത്ക്കരണ പരിപാടികൾ നടത്തുകയും കണ്ടൽ പ്രദേശങ്ങളിൽ മാലിന്യനിർമ്മാർജ്ജന പ്രവർത്തികൾ നടത്തുകയും ചെയ്യുന്നുണ്ട്. തണ്ണീർ തടങ്ങളിൽ കാണുന്ന പക്ഷികളുടെ കണക്കെടുപ്പും പെലാജിക്ക് പക്ഷികളുടെ കണക്കെടുപ്പും നടത്തി വരുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ പുറക്കാട് വില്ലേജിൽപ്പെടുന്ന മനയ്ക്കൽ പാടശേഖരം വനം വകുപ്പ് ഏറ്റെടുത്ത് റിസർവ്വ് വനമായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | തണ്ണീർത്തടത്തിന്റെ ആരോഗ്യം | (സി) | തണ്ണീർത്തടത്തിന്റെ ആരോഗ്യം |

| | | | |
|---|---|---|---|
| | വിലയിരുത്തുന്നതിനായി വെറ്റ്ലാൻഡ് ഹെൽത്ത് റിപ്പോർട്ട് കാർഡ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിനനുസരിച്ച് തണ്ണീർത്തടങ്ങളെ സംരക്ഷിക്കുന്നതിന് വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ? | | വിലയിരുത്തുന്നതിനായി വെറ്റ് ലാൻഡ് ഹെൽത്ത് റിപ്പോർട്ട് കാർഡ് വനം വകുപ്പ് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ